## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3086** — 21/06/2013 - ലെ മറുപടിയ്ക്ക്

## തിരശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കരാർ അടിസ്ഥാനത്തിൽ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 2012-2013 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 1005 ഹെക്ടറിൽ കരാർ അടിസ്ഥാനത്തിൽ തരിശ് ഭൂമി നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 400 ഹെക്ടറിൽ ഹെക്ടറിന് 30000/- രൂപ സബ്സിഡി നിരക്കിലും 605 ഹെക്ടറിന് 15000/- രൂപ ക്രമത്തിലും ആകെ 210.75 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2013-2014 ൽ ടി പദ്ധതി അംഗീകരിച്ച് നൽകിയിട്ടില്ല. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) | മുൻ വർഷങ്ങളിൽ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ഭൂഉടമയ്ക്ക് 5000/- രൂപയും കർഷകന് 25000/- രൂപയും നൽകി കൂടുതൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | പഞ്ചായത്ത് തല കാർഷിക വികസന സമിതി, ഗ്രൂപ്പ് ഫാമിംഗ് സമിതി, തൊഴിൽസേന എന്നീ ഏജൻസികളെ കൂട്ടിയോജിപ്പിച്ച് കൃഷി ആഫീസറുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കി. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 2013-2014 ൽ ടി പദ്ധതി അംഗീകരിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ